# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2446 — 01/04/2013-ൽ മറുപടിയ്ക്ക്

## കായംകുളം മണ്ഡലത്തിലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.സദാശിവൻ | ശ്രീ.പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കായംകുളം നിയോജക മണ്ഡലത്തിൽ വരൾച്ചാദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ജലവിഭവ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണു നടപ്പാക്കുന്നതെന്നു വിശദമാക്കുമോ? | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും -** കായംകുളം നിയോജക മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിജലവിഭവ വകുപ്പ് ഒരു പ്രവൃത്തിയും നടപ്പാക്കുന്നില്ല.<br><br>**കേരള വാട്ടർ അതോറിറ്റി-** കായംകുളം മണ്ഡലത്തിൽ വരൾച്ചാദുരിതാശ്വാസ പദ്ധതി- 2013-ൽ ഉൾപ്പെടുത്തി ബഹു. ആലപ്പുഴ ജില്ലാകളക്ടർ 17,10,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൈപ്പ്ലൈൻ നീട്ടൽ, പൊതുടാപ്പ് സ്ഥാപിക്കൽ, കേടായ പൈപ്പ്ലൈനുകൾക്കു പകരമായി പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിയ്ക്കൽ, പൊതുടാപ്പുകളുടെ അറ്റകുറ്റപണികൾ എന്നീ ജോലികൾക്കാണ് ഭരണാനുമതി നൽകിയത്. കൂടാതെ വരൾച്ചാ ദുരിതാശ്വാസം-2013-ൽ ഉൾപ്പെടുത്തി കേരളാ വാട്ടർ അതോറിറ്റി 26 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ